e 27/1/16 31

16571
24/10/16

# കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ് - മഹാരാഷ്ട്രാ പുൽഗാവ് കേന്ദ്ര ആയുധപ്പുരയിൽ 31.05.2016-നുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ. കെ. മനോജ് കുമാറിന്റെ, മാതാപിതാക്കൾക്ക് പ്രത്യേക പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്

സ.ഉ(എം.എസ്)നം.122/2016/പൊ.ഭ.വ തിരുവനന്തപുരം, തീയതി : 09.08.2016

---

പരാമർശം :- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04.06.2016-ലെ, റവന്യൂ വകുപ്പിലേക്ക് നൽകിയ ബി.4/48865/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മഹാരാഷ്ട്രാ പുൽഗാവ് കേന്ദ്ര ആയുധപ്പുരയിൽ 31.05.2016-നുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ. കെ. മനോജ് കുമാറിന്റെ കുടുംബത്തിന് മറ്റ് വരുമാനങ്ങളൊന്നും തന്നെ ഇല്ലെന്നും; പരേതന്റെ പേരിലോ, കുടുംബാംഗങ്ങളുടെ പേരിലോ ശാസ്തമംഗലം വില്ലേജിൽ, വീടോ, വസ്തുവകകളോ ഇല്ലെന്നും; പരേതനും കുടുംബാംഗങ്ങളും വാടകയ്ക്കാണ് താമസമെന്നും; പരാമർശം പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

സർക്കാർ പ്രസ്തുത കാര്യങ്ങൾ പരിഗണിച്ച്, മരണപ്പെട്ട മേജർ മനോജ്കുമാറിന്റെ പിതാവ് ശ്രീ. എൻ. കൃഷ്ണനും; മാതാവ് ശ്രീമതി. ഭാരതികൃഷ്ണനും; കൂടി പ്രതിമാസം 5,000/- രൂപ (അയ്യായിരം രൂപ മാത്രം) പ്രത്യേക പെൻഷൻ അനുവദിക്കുന്നതിനും; പ്രസ്തുത പെൻഷൻ, അവരുടെ കാലശേഷം വരെ നൽകുന്നതിനും; തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ, മഹാരാഷ്ട്രാ പുൽഗാവ് കേന്ദ്ര ആയുധപ്പുരയിൽ 31.05.2016-നുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ. കെ. മനോജ് കുമാറിന്റെ പിതാവ് ശ്രീ. എൻ. കൃഷ്ണനും; മാതാവ് ശ്രീമതി. ഭാരതികൃഷ്ണനും; കൂടി പ്രതിമാസം 5,000/- രൂപ (അയ്യായിരം രൂപ മാത്രം) അവരുടെ കാലശേഷം വരെ, പ്രത്യേക പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സുമന. എൻ. മേനോൻ ഐ.എ.എസ്**
സെക്രട്ടറി

To,

ശ്രീ. കൃഷ്ണൻ, കുഴിവിള പുത്തൻവീട്, റ്റി.സി - 7/1357, കട്ടാംവിള റോഡ്, വേട്ടമുക്ക്, വട്ടിയൂർക്കാവ് പി. ഒ, തിരുവനന്തപുരം.

ശ്രീമതി. ഭാരതികൃഷ്ണൻ, കുഴിവിള പുത്തൻവീട്, റ്റി.സി - 7/1357, കട്ടാംവിള റോഡ്, വേട്ടമുക്ക്, വട്ടിയൂർക്കാവ് പി. ഒ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [21.07.2016-ലെ എ-1/241/2016 ധനം. (ഇ-268854) നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം, അടിയന്തിര നടപടിക്കായി]

പൊതുഭരണ (എസ്.സി) വകുപ്പ്

റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്.

റവന്യൂ (യു) വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
(20.07.2016-ലെ 20/2016/പൊ.ഭ(എസ്.സി) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടിക്കായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-06-2016.

ഫയൽ നം. 29506/ഡി.ആർ.എഫ്.-എ1/2016/റവ. ഇനം നം: 26

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മഹാരാഷ്ട്ര പുൽഗാവ് കേന്ദ്ര ആയുധപുരയിൽ 31.05.2016-നുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ മനോജ്കുമാറിന്റെ കുടുംബത്തിന് സഹായമനുവദിക്കുന്നത്.

തീരുമാനം : മന്ത്രിസഭ ഇക്കാര്യം പരിഗണിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

a. ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച്, കൊല്ലപ്പെട്ട മേജർ മനോജ്കുമാറിന്റെ കുടുംബത്തിന് അഞ്ച് സെന്റ് സ്ഥലം അനുവദിക്കുവാനും 1200 ചതുരശ്രയടി വിസ്തീർണത്തിലുള്ള ഒരു വീട് നിർമ്മിച്ച് നൽകുന്നതിനും തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

b. മാതാപിതാക്കൾക്ക് കുടുംബപെൻഷനായി രണ്ടു പേരുടെയും കാലശേഷം വരെ പ്രത്യേക പെൻഷനായി പ്രതിമാസം 5,000/- രൂപ (അയ്യായിരം രൂപ മാത്രം) അനുവദിക്കുവാൻ തീരുമാനിച്ചു.

c. മേജർ മനോജ്കുമാറിന്റെ ഭാര്യയ്ക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി അടിയന്തിരമായി ജോലി നൽകുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാനും ആയതു നിരസിക്കപ്പെടുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

8/6/16

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 29506/ഡിആർഎഫ് എ1/2016/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മഹാരാഷ്ട്ര പുൽഗാവ് കേന്ദ്ര ആയുധപുരയിൽ 31/5/2016 നുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ മനോജ്കുമാറിന്റെ കുടുംബത്തിന് സഹായമനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 7/6/2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ഷീല കെ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 7/6/2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 7/6/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 7/6/2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 7/6/2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പറും തീയതിയും. | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മഹാരാഷ്ട്ര പുൽഗാവ് കേന്ദ്ര ആയുധപുരയിൽ 31/5/2016 നുണ്ടായ സ്പോടനത്തിൽ കൊല്ലപ്പെട്ട സീനിയർ സെക്യൂരിറ്റി ഓഫീസറായിരുന്ന മേജർ മനോജ്കുമാറിൻെറ കുടുംബത്തിന് സഹായമനുവദിക്കുന്നത് സംബന്ധിച്ചാണീകുറിപ്പ്.

2) തിരുവനന്തപുരം, ശാസ്തമംഗലം, വട്ടിയൂർക്കാവ്, വേട്ടമുക്ക് കട്ടാംവിള റോഡിൽ ടി.സി 7/1357, ക്ലര 78 കുഴിവിള പുത്തൻ വീട്ടിൽ ശ്രീ. എൻ. കൃഷ്ണൻ -ൻെറ മകൻ മേജർ മനോജ്കുമാർ മഹാരാഷ്ട്ര പുൽഗാവ് കേന്ദ്ര ആയുധപുരയിലുണ്ടായ സ്പോടനത്തെ തുടർന്ന് 31/5/2016 ന് മരണപ്പെടുകയുണ്ടായി.

3) തിരുവനന്തപുരം ജില്ലാ കളക്ടറുടെ ബി-4/48865/2016/ 04/06/2016 ലെ കത്ത് പ്രകാരം, പരേതനായ മനോജ്കുമാറിൻെറ ജോലിയിൽനിന്നുള്ള വരുമാനമല്ലാതെ കുടുബത്തിന് മറ്റ് വരുമാനങ്ങളൊന്നും തന്നെ ഇല്ലെന്നും പരേതൻെറ പേരിലോ കുടുബാംഗങ്ങളുടെ പേരിലോ ശാസ്തമംഗലം വില്ലേജിൽ വീടോ വസ്തുവകകളോ ഇല്ലെന്നും പരേതനും കുടുംബാംഗങ്ങളും വാടകയ്ക്കാണ് താമസമെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരേതൻെറ ഭാര്യ ശ്രീമതി. ബീന മനോജ്കുമാർ മിലിട്ടറിയിൽ നഴ്സിംഗ് കോഴ്സ് പാസ്സായിട്ടുള്ളതും എം.എ. സൈക്കോളജി വരെ പഠിച്ചിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) പരേതൻെറ കുടുംബാംഗങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കണമെന്നും ഭാര്യക്കും അച്ഛനും നിശ്ചിത തുക പെൻഷൻ അനുവദിക്കണമെന്നും ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭ്യമാക്കണമെന്നും സർക്കാർ ഉദ്ദേശിക്കുന്നു എന്നും ഇക്കാര്യം മന്ത്രിസഭാ യോഗത്തിൻെറ മുമ്പാകെ സമർപ്പിക്കുവാനും മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

31/5/2016ന് മഹാരാഷ്ട്ര പുൽഗാവിൽ കേന്ദ്ര ആയുധപുരയിലുണ്ടായ സ്പോടനത്തിൽ മരണമടഞ്ഞ മേജർ മനോജ്കുമാറിൻെറ കുടുംബത്തിന് സഹായം അനുവദിക്കാമോ ?

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)
**Note for the Council of Ministers**

| | | |
|---|---|---|
| 1 | File No. | : **29506/DRF-A1/2016/RD** |
| 2 | Department | : Revenue (DRF -A) Department |
| 3 | Subject | : CMDRF - Granting of assistance to the family of Late Major K. Manojkumar, who died on 31/5/2016 in the blast occurred in the central ammunition depot, Pulgavu in Maharashtra - Reg. |
| 4 | Date of Chief Minister's order for placing before the Council | : 7/6/2016 |
| 5 | (i) Does the case involve financial commitments/ implications? | : Yes. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : No. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : No. |
| 7 | Name of Special Secretary who submitted the Draft Note | : Smt. Sheela K.S. |
| 8 | Name of Addl. Chief Secretary who approved the Draft Note | : Dr.Vishwas Mehta |
| 9 | Date of approval of the Draft Note for the Council by the Addl. Chief Secretary | : 7/6/2016 |
| 10 | Name of Chief Secretary who approved the Draft Note | : Sri. S.M. Vijayanand |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 7/6/2016 |
| 12 | Name of Minister who approved the draft Note | : Sri. E. Chandrasekharan |
| 13 | Date of approval of the Draft Note for the Council by the Minister | : 7/6/2016 |
| 14 | Date of submission of fair copies | : 7/6/2016 |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O./letter communicating the decision. | : |

## Note for the Council of Ministers

This note deals with granting of assistance to the family of Late Major K. Manojkumar, Senior Security Officer, who died on 31/5/2016 in the blast occurred in the central ammunition depot, Pulgavu in Maharashtra.

2) Major Manojkumar S/o Sri. N. Krishnan, Kuzhivila Puthen Veedu, Kura 78, TC 7/1357, Katamvila Road, Vatamukku, Vattiyoorkkavu, Sasthamangalam died on 31/5/2016 in the blast occurred in the Central Ammunition depot, Pulgavu, Maharashtra.

3) The District Collector, Thiruvananthapuram, in his Letter No. B4/48865/16 dated, 4/6/2016 has reported that his family has no other income other than the income from his job, no house or plots in Sasthamangalam village and are residing in a rented house. The wife of the deceased Smt. Beena Manoj has passed nursing course in Military and has studied upto M.A. Psychology.

4) Now, it is proposed to allot house and plot to his family, pension to his father and wife and to provide job to his wife in State Service. Hon'ble Chief Minister has ordered to place the matter before the Council of Ministers.

### Point for decision

The assistance be given to the family of Major K. Manojkumar, who died on 31/5/2016 in the blast occurred in the central ammunition depot, Pulgavu, Maharashtra ?